(എച്ച്) സർക്കാർ രൂപീകരിച്ച ചീഫ് സെക്രട്ടറി ചെയർമാനായ Bid Evaluation Committee, പദ്ധതിയുടെ ഉപദേഷ്ടാക്കളായ IL & FS IDC, സാങ്കേതിക ഉപദേഷ്ടാക്കളായ L & T Ramboll എന്നിവരുടെ സഹായത്തോടെ ടെന്റർ രേഖകൾ പരിശോധിക്കുകയുണ്ടായി. മെസ്സേഴ്സ് കെയ്ദി ഇലക്ട്രിക് പവ്വർ കമ്പനി നയിക്കുന്ന കൺസോർഷ്യത്തിന്റെ ബിഡ് ഉയർന്ന ഗ്രേഡ് ഉള്ളതായി ടി കമ്മറ്റി കണ്ടെത്തുകയും, ഇതനുസരിച്ച് സർക്കാരിന് ശുപാർശ നൽകുകയും ചെയ്തു. ഈ കൺസോർഷ്യത്തിന് RFP രേഖയിൽ നിഷ്കർഷിച്ചിട്ടുള്ള സാമ്പത്തികവും സാങ്കേതികവുമായ കഴിവ് ഉള്ളതായി Bid Evaluation Committee കണ്ടെത്തി.

സർക്കാർ റദ്ദ് ചെയ്ത കരാർ പ്രകാരം പദ്ധതിയുടെ മതിപ്പ് ചെലവ് 4500 കോടി രൂപയോളമായിരുന്നു. സാദ്ധ്യതാ പഠനങ്ങളൊന്നും നടത്താതെയുള്ള ഈ പദ്ധതി തുക ഒരു ഏകദേശ കണക്ക് മാത്രമാണ്. ഇപ്പോൾ തയ്യാറാക്കിയ പദ്ധതിക്ക് ആകെ 4360 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം തുറമുഖ നിർമ്മാണം

122 [579] ശ്രീ. ലൂഡി ലൂയിസ് :

,, ബി. വിജയകുമാർ :

,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ടെൻഡർ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതി എന്നായിരുന്നു ;

(ബി) എത്ര ടെൻഡറുകൾ ഈ പദ്ധതിക്ക് ലഭിച്ചു ; അവ എന്നാണ് തുറന്നത് ;

(സി) ടെൻഡറുകൾ തുറക്കാനുള്ള കാലതാമസത്തിന് കാരണമെന്താണ് ;

(ഡി) ആർക്കാണ് വർക്ക് അവാർഡ് ചെയ്തത് ; ഈ വർക്ക് അവാർഡ് ചെയ്യുന്നതിനെതിരെ എന്തെങ്കിലും ആരോപണം ഉയർന്നിരുന്നുവോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആഗസ്റ്റ് 17, 2005.

(ബി) രണ്ട് ടെൻഡർ പ്രൊപ്പോസലുകൾ ലഭിക്കുകയുണ്ടായി. 2005 ആഗസ്റ്റ് 17-ാം തീയതി ദർഘാസുകൾ തുറക്കുകയുണ്ടായി.

(സി) കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) ചൈനയിലെ കെയ്ദി ഇലക്ട്രിക് പവർ കമ്പനി നേതൃത്വം നൽകുന്ന കൺസോർഷ്യത്തിന് ലറ്റർ ഓഫ് ഇൻഡന്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനെതിരെ ആരോപണം ഉയർന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly